12363
19/7/19

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – പുനരധിവാസം - മലപ്പുറം ജില്ല - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=========================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **1935/2019/റവ.** തിരുവനന്തപുരം, തീയതി, 17.07.2019.

=========================================================

പരാമർശം:- 1. സ.ഉ. (കൈ) നം. 07/2018/ദു.നി.വ. തീയതി, 02.06.2018.

2. മലപ്പുറം ജില്ലാ കളക്ടറുടെ 03.07.2019-ലെ ഡി.എം.1-492/2019 നമ്പർ കത്ത്.

## ഉത്തരവ്

2018-ലെ കാലവർഷക്കെടുതിയിൽ ദുരിതം അനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ സംബന്ധിച്ച് സൂചന 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ പൂർണ്ണമായി സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6,00,000/- (ആറു ലക്ഷം രൂപ മാത്രം) രൂപയോ പ്രമാണത്തിൽ ഉള്ള തുകയോ ഏതാണോ കുറവ് അത് അനുവദിക്കാമെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2. മലപ്പുറം ജില്ലയിലെ വിവിധ താലൂക്കുകളിൽ പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് താഴെപ്പറയും പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം മലപ്പുറം ജില്ലാകളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

| | | |
|---|---|---|
| സ്വന്തം ഭൂമിയിൽ താമസിച്ചിരുന്ന 9 കുടുംബങ്ങൾക്ക്, സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീട് വയ്ക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനവദിക്കേണ്ട 3,04,900/- രൂപയും ചേർത്ത് ആകെ 9,04,900/- രൂപ വീതം അനുവദിക്കേണ്ട തുക | : | 81.44.100/- രൂപ (9x9,04,900/-) |
| പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 10 കുടുംബങ്ങൾക്ക് സർക്കാർ അനുവദിച്ച നൽകിയ ഭൂമിയിൽ വീട് വയ്ക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കേണ്ട 3,04,900/- രൂപ വീതം അനുവദിക്കേണ്ട തുക. | : | 30,49,000/- രൂപ 10x3,04,900/- |
| ഒലിപ്പുഴയുടെ പുറമ്പോക്കിൽ താമസിച്ചിരുന്ന ഭീഷണി നേരിടുന്ന 16 കുടുംബങ്ങളും പുഴ ഗതി മാറി ഒഴുകിയതിനെ തുടർന്ന് ഭീഷണി നേരിടുന്ന 36 കുടുംബങ്ങളും ചേർത്ത് ആകെ 52 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 9.04.900/- രൂപ വീതം അനുവദിക്കേണ്ട തുക | : | 4,70,54,800/- (52x9,04,900/-) |
| **ആകെ** | | **5,82,47,900/- രൂപ** |

(അഞ്ച് കോടി എൺപത്തിരണ്ട് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി തൊള്ളായിരം രൂപ മാത്രം)

...2/-

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയം 2018 കാലവർഷക്കെടുതിയിൽ സ്ഥലവും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് മുൻ ചട്ടിക പ്രകാരം ആകെ 5,82,47,900/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 5,82,47,900/- രൂപ (അഞ്ച് കോടി എൺപത്തിരണ്ട ലക്ഷത്തി നാൽപ്പത്തിയേഴായരിത്തി തൊള്ളായിരം രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. കൂടാതെ സ്ഥലം വാങ്ങുന്നതിനായി നൽകുന്ന 6 ലക്ഷം രൂപയിൽ പ്രമാണത്തിലുള്ള വില കഴിച്ച് ബാക്കി വരുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൽ. ഗീത,
സ്പെഷ്യൽ സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.